# Visit of External Affairs Minister, Dr. S. Jaishankar, to Australia and Philippines (February 10-15, 2022)

February 09, 2022

## വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിന്റെ ഓസ്ട്രേലിയ, ഫിലിപ്പീൻസ് സന്ദർശനം (ഫെബ്രുവരി 10-15, 2022)

ഫെബ്രുവരി 09, 2022

വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ 2022 ഫെബ്രുവരി 10-13 തീയതികളിൽ ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി മിസ് മാരിസ് പെയ്നിന്റെ ക്ഷണപ്രകാരം ഓസ്ട്രേലിയയിൽ ഔദ്യോഗിക സന്ദർശനം നടത്തും. വിദേശകാര്യ മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യ ഓസ്ട്രേലിയൻ സന്ദർശനമാണിത്. കോവിഡ്-19 പകർച്ചവ്യാധിയെത്തുടർന്ന് അടച്ച ഓസ്ട്രേലിയയുടെ അതിർത്തി തുറന്നതിന് ശേഷം ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ ഉന്നതതല സന്ദർശനമായിരിക്കും ഇത്

2. ഓസ്ട്രേലിയ, ജപ്പാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവയുടെ വിദേശകാര്യ മന്ത്രിമാർക്കൊപ്പം 2022 ഫെബ്രുവരി 11 ന് മെൽബണിൽ നടക്കുന്ന നാലാമത്തെ ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ ഇ എ എം പങ്കെടുക്കും. മന്ത്രിമാർക്ക് 2021 ഫെബ്രുവരിയിൽ നടന്ന വെർച്വൽ മീറ്റിംഗിന്റെ ഫോളോ അപ്പ് ചെയ്യാനും സ്വതന്ത്രവും സുതാര്യവും എകൊപിതവുമായ ഇൻഡോ പസഫിക് റീജിയൻ ഉൾപ്പടെയുള്ള പ്രാദേശിക നയതന്ത്ര വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൈമാറാനും ഉള്ള അവസരമായിരിക്കും ഇത്.കൊവിഡ് പകർച്ചവ്യാധി, വിതരണ ശൃംഖലകൾ, നിർണായക സാങ്കേതികവിദ്യകൾ, കാലാവസ്ഥാ വ്യതിയാനം, അടിസ്ഥാന സൗകര്യങ്ങൾ മുതലായ സമകാലിക വെല്ലുവിളികളെ നേരിടാൻ 2021 ലെ രണ്ട് ഉച്ചകോടികളിൽ നേതാക്കൾ പ്രഖ്യാപിച്ച അനുഭാവപൂർവ്വവും ക്രിയാത്മകവുമായ അജണ്ടയിൽ മന്ത്രിമാർ നിലവിലുള്ള ക്വാഡ് സഹകരണം അവലോകനം ചെയ്യും.

3.ഇന്ത്യൻ വിദേശകാര്യമന്ത്രിയും ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രിയും 2022 ഫെബ്രുവരി 12-ന് 12മത് വിദേശകാര്യ മന്ത്രിമാരുവും ഫ്രെയിം വർക്ക് ഡയലോഗിൽ സഹ-അധ്യക്ഷത വഹിക്കും. മന്ത്രിമാർ ഇന്ത്യ-ഓസ്ട്രേലിയ സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന്റെ പുരോഗതി അവലോകനം ചെയ്യുകയും പരസ്പര താൽപ്പര്യമുള്ള ഉഭയകക്ഷി, ബഹുമുഖ, പ്രാദേശിക വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും.

4. അതേ ദിവസം, ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി മിസ് മാരിസ് പെയ്നുമായി വിദേശകാര്യ മന്ത്രിമാരുടെ സൈബർ ഫ്രെയിംവർക്ക് ഡയലോഗിന്റെ ഉദ്ഘാടനത്തിൽ (എഫ്എംസിഎഫ്ഡി) ഇ എ എം സഹ-അധ്യക്ഷനായിരിക്കും. പ്രധാനമന്ത്രി നേരേന്ദ്ര മോഡിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോരിസോനും തമ്മിൽ നടന്ന വെർച്വൽ ലീഡേഴ്സ്

ഉച്ചകോടിയുടെ ഭാഗമായി 2020 ജൂണിൽ ഒപ്പുവെച്ച സൈബർ, സൈബർ എനെബിൾഡ് ക്രിട്ടിക്കൽ ടെക്നോളജി കോപ്പറേഷൻ സംബന്ധിച്ച ഇന്ത്യ-ഓസ്ട്രേലിയ ഫ്രെയിംവർക്ക് അറേഞ്ച്മെന്റും അനുബന്ധ കർമപദ്ധതിയും നടപ്പാക്കുന്നതിലെ പുരോഗതി മന്ത്രിമാർ വിലയിരുത്തും.

5. ഓസ്ട്രേലിയൻ രാഷ്ട്രീയ നേതാക്കൾ, അക്കാദമിക് വിദഗ്ധർ, ബിസിനസുകൾ, ഇന്ത്യൻ പ്രവാസികൾ, വിദ്യാർത്ഥികൾ എന്നിവരുമായും വിദേശകാര്യ മന്ത്രി മീറ്റിംഗുകൾ ഷെഡ്യൂൾ ചെയ്തിട്ടുണ്ട്.

6. അദ്ദേഹം 2022 ഫെബ്രുവരി 13 മുതൽ 15 വരെ ഫിലിപ്പീൻസിലേക്ക് ഒരു ഉഭയകക്ഷി സന്ദർശനം നടത്തും. വിദേശകാര്യ മന്ത്രി എന്ന നിലയിൽ ഫിലിപ്പീൻസിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണിത്.

7. ഫിലിപ്പീൻസിന്റെ വിദേശകാര്യ സെക്രട്ടറി ടിയോഡോറോ എൽ ലോക്ക്സിൻ ജൂനിയറുമായി വിദേശകാര്യ മന്ത്രി ചർച്ച നടത്തും. 2020 നവംബറിൽ വെർച്ചൽ ഫോർമാറ്റിൽ നടന്ന ബൈ ലാറ്ററൽ കോർപറേഷൻ ജോയിന്റ് കമ്മീഷൻന് ശേഷമുള്ള ഉഭയകക്ഷി ബന്ധങ്ങളിലെ സംഭവവികാസങ്ങൾ മന്ത്രിമാർ അവലോകനം ചെയ്യും. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളും ചർച്ച ചെയ്യും.

8. ഫിലിപ്പീൻസിലെ രാഷ്ട്രീയ നേതൃത്വവുമായുള്ള മറ്റ് മീറ്റിംഗുകൾക്ക് പുറമേ, വിദേശകാര്യ മന്ത്രി തന്റെ സന്ദർശന വേളയിൽ മനിലയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും.

9. ആസിയാനിലെ മുൻനിര അംഗം കൂടിയായ ഇന്തോ-പസഫിക്, ഓസ്ട്രേലിയ, ഫിലിപ്പീൻസ് എന്നിവിടങ്ങളിലെ പ്രധാന പങ്കാളികളുമായുള്ള ഉഭയകക്ഷി ബന്ധങ്ങൾക്ക് ഈ സന്ദർശനം കൂടുതൽ ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡെൽഹി**
**ഫെബ്രുവരി 09, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.